മാതൃഭൂമി

13 November 2017

# മത്സ്യമേഖലയിൽ ഇൻഷുറൻസ് കാര്യക്ഷമമല്ലെന്ന് പഠനം

**കൊച്ചി**: ഇൻഷുറൻസ് പരിരക്ഷ രാജ്യത്തെ മത്സ്യമേഖലയിൽ കാര്യക്ഷമമല്ലെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്. ആർ.ഐ.) പഠന റിപ്പോർട്ട്. മത്സ്യങ്ങൾ വൻതോതിൽ ഇല്ലാതാകുന്നതുകൊണ്ടുള്ള നഷ്ടം, കടലിൽ കൃഷി ചെയ്യാനുപയോഗിക്കുന്ന കൂടുകൾക്ക് സംഭവിക്കുന്ന കേടുപാട്, മത്സ്യകൃഷിയിൽ സംഭവിക്കുന്ന നഷ്ടം എന്നിവയ്ക്ക് രാജ്യത്തെവിടെയും ഇൻഷുറൻസ് സംരക്ഷണം ഇല്ലെന്നും പഠനം വ്യക്തമാക്കുന്നു.

സി.എം.എഫ്.ആർ.ഐ.യിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗം ശാസ്ത്രജ്ഞനായ ഡോ. ഷിനോജ് പാറപ്പുറത്താണ് പഠനത്തിന് നേതൃത്വം നൽകിയത്. പഠനത്തിലെ നിർദ്ദേശങ്ങൾ നിതി ആയോഗിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ വിശദ രൂപം ഗവേഷണ ജേണലായ മറൈൻ പോളിസിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, ഒഡിഷ എന്നീ സംസ്ഥാനങ്ങളിലെ 14 മീൻപിടിത്ത കേന്ദ്രങ്ങളിലും കേരളത്തിലെയും തമിഴ്നാട്ടിലെയും മത്സ്യകർഷകർക്കിടയിലുമാണ് പഠനം നടത്തിയത്.

ഇൻഷുറൻസ് പരിരക്ഷയുടെ ആവശ്യകതയെക്കുറിച്ച് മത്സ്യമേഖലയിൽ നിലനിൽക്കുന്ന അജ്ഞതയാണ് ഇത്തരമൊരവസ്ഥയ്ക്ക് കാരണം. ഇൻഷുറൻസ് പോളിസികൾ മത്സ്യത്തൊഴിലാളി സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിന് സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് താത്പര്യമില്ല. ഉചിതമായ ഇൻഷുറൻസ് പോളിസികൾ ഈ മേഖലയിൽ ലഭ്യമല്ലാത്തതും മത്സ്യത്തൊഴിലാളികളെ ഇതിൽനിന്ന് അകറ്റുന്നതായി പഠനം ചൂണ്ടിക്കാട്ടുന്നു.

ഉപഗ്രഹങ്ങളിൽനിന്നുള്ള വിവരങ്ങൾ ഉപയോഗിച്ചും കാലാവസ്ഥാ പഠനത്തിലധിഷ്ഠിതമായ പദ്ധതികൾ നടപ്പിലാക്കിയും മത്സ്യമേഖലയിൽ ഇൻഷുറൻസിന് കൂടുതൽ പ്രചാരം നേടാമെന്നാണ് പഠനം നിർദ്ദേശിക്കുന്നത്.

## സർവേയുടെ കണ്ടെത്തലുകൾ

* കേരളത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പോളിസി എടുത്തിട്ടുള്ളത് ഒരു സ്ഥലത്ത് മാത്രം
* തമിഴ്നാട്ടിൽ 14 ശതമാനം പേർ പുരയിടം, മറ്റ് ജംഗമവസ്തുക്കൾ എന്നിവയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷ നേടിയിട്ടുണ്ട്.
* മത്സ്യസമ്പത്തിലെ കുറവ്, വിപണിയിലെ വിലവ്യത്യാസം മൂലമുള്ള നഷ്ടം, മത്സ്യകൃഷിയിലെ നഷ്ടം എന്നിവയ്ക്ക് ആരും ഇൻഷുറൻസ് പരിരക്ഷ നേടിയിട്ടില്ല.
* ശുദ്ധജല ഓരുജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യുന്ന ആരും ഇൻഷുറൻസ് പരിരക്ഷ നേടിയിട്ടില്ല.
* കേരളത്തിൽ 80 ശതമാനം പേർ വ്യക്തിഗത അപകട ഇൻഷുറൻസ് പരിരക്ഷ നേടിയിട്ടുണ്ട്.